**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 135 | 11/08/2017 - ൽ മറുപടിക്ക്

## കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീമതി യു.പ്രതിഭ ഹരി<br>ശ്രീ. വി അബ്ദുറഹിമാൻ<br>ശ്രീ.സി.കൃഷ്ണൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിന്റെ പ്രധാന ഉപാധികളിലൊന്നായി മാറിയ കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ; | (എ) കുടുംബശ്രീ മൈക്രോസംരംഭ യൂണിറ്റുകളുടെ വിപുലീകരണത്തിനായി സർക്കാർ സംസ്ഥാന പ്ലാൻ ഫണ്ടിൽ 30 കോടി രൂപ അനുവദിച്ചു. പുതുതായി 3000 സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്ഥായിയായ വികസനം സാധ്യമാക്കുന്നതിനുമാണ് ടി തുക വിനിയോഗിക്കുന്നത്. കൂടാതെ സമാന സ്വഭാവമുള്ള സംരംഭങ്ങളെ ക്ലസ്റ്റർ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ഉൽപ്പാദക കമ്പനികൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ജീവനം എന്ന പേരിൽ ഉപജീവന കാമ്പയ്ൻ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുണ്ട്. |
| (ബി) സാമൂഹ്യപുനരുദ്ധാരണ രംഗത്ത് നടത്തുന്ന ഇടപെടലുകളോടൊപ്പം വരുമാനദായകമായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾക്ക് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണന മേഖലകൾ വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) പരിശോധിച്ചിട്ടുണ്ട്; നിശ്ചിത ഇടവേളകളിൽ പദ്ധതികളുടെ അവലോകനവും പരിശോധനയും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുന്നുണ്ട്. വിവിധതരം സാമ്പത്തിക സഹായമായി സൂക്ഷ്മസംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനായി 2.36 കോടി രൂപയും റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി 2 കോടി രൂപയും, ടെക്നോളജി ഫണ്ട് നൽകുന്നതിനായി 1.87 കോടി രൂപയും, |

ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട് നൽകുന്നതിനായി 2.49 കോടി രൂപയും, ഇന്നവേഷൻ ഫണ്ട് നൽകുന്നതിനായി 1 കോടി രൂപയും, സെക്കന്റ് ഡോസ് അസിസ്റ്റൻസ് നൽകുന്നതിനായി 1.37 കോടി രൂപയും ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംരംഭങ്ങൾ സ്ഥിരമായി സന്ദർശിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്ന മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് (എം.ഇ.സി.) എന്ന പ്രൊഫഷണൽ സംവിധാനവും നിലവിലുണ്ട്.

ഒരേ തരത്തിലുള്ള സംരംഭങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവരുടെ നിലവാരം മെച്ചപ്പെടുത്തി വിപണി വികസിപ്പിക്കുന്നതിനുള്ള അവരുടെ കൂട്ടായ്മകൾ (കൺസോർഷ്യം/ഉൽപ്പാദക കമ്പനികൾ) രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തീരപ്രദേശത്തുള്ളവരുടെ ഉപജീവനം ലക്ഷ്യംവച്ചു കൊണ്ട് പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്താൻ മാസചന്തകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും മാസചന്തകൾ ക്രമമായി നടത്തുന്നതിന് സിഡിഎസുകൾക്ക് ചുമതല നൽകുകയും അടിസ്ഥാന സൗകര്യത്തിന് ആവശ്യമുള്ള ഫണ്ടായി 3.42 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീയുടെ കഫേ, കാറ്ററിംഗ് യൂണിറ്റുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുവാനായി എല്ലാ ജില്ലകളിലും ഫുഡ് ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ഓരോ ജില്ലയ്ക്കും 5,00,000/- രൂപ വീതം ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് എല്ലാ പഞ്ചായത്തുകളിലും

മുനിസിപ്പാലിറ്റികളിലും എല്ലാ ജില്ലാകേന്ദ്രങ്ങളിലും കുടുംബശ്രീ ഉൽപ്പന്ന പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതാണ്. ഇതിനുപുറമേ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ദേശീയ സരസ്സ്മേള 2017 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ മലപ്പുറത്ത് നടത്തുകയാണ്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുവാനുമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കുടുംബശ്രീ ബസാറുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഈ വർഷം മികച്ച ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗിലും മറ്റ് ഇ-കൊമേഴ്സ് പോർട്ടലുകളിലും വിൽപ്പനയ്ക്കായി ലഭിക്കത്തക്കവണ്ണം ഉൽപ്പന്നങ്ങളുടെ വിശദവിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതാണ്.

| | |
|---|---|
| (സി) കാർഷികോല്പാദനരംഗത്തും മൃഗപരിപാലന രംഗത്തും കുടുംബശ്രീ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ അറിയിക്കാമോ? | (സി) തരിശു ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹനത്തിനും സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുന്നതിനും കുടുംബശ്രീ മിഷൻ സംഘകൃഷി ഗ്രൂപ്പുകൾ വഴി കൃഷി നടത്തി വരുന്നു. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജെഎൽജി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകി വരുന്നു. ഇതുകൂടാതെ വിളവനുസരിച്ച് കാർഷിക ഇൻസെന്റീവും അനുവദിക്കുന്നുണ്ട്. നിലവിൽ കേരളത്തിൽ 43744 സംഘകൃഷി ഗ്രൂപ്പുകളായി 33457 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നു. ഓണത്തിന് മുന്നോടിയായി സംഘടിപ്പിക്കുന്ന ഓണ ചന്തകളിലൂടെ ടി സംഘകൃഷി ഗ്രൂപ്പുകൾ ഉല്പാദിപ്പിക്കുന്ന 4000 ടൺ പച്ചക്കറികൾ വിപണനത്തിനായി ലക്ഷ്യമിടുന്നു. കർക്കിടക മാസത്തെ പ്രധാനവിഭവങ്ങളായ കർക്കിടക കഞ്ഞി, പത്തിലക്കറികൾ എന്നിവയും മറ്റ് നാടൻ വിഭവങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിയ്ക്കുന്നതിനായും കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനുമായി കുടുംബശ്രീ എത്നിക് |

ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്.

സംഘകൃഷി ഗ്രൂപ്പുകൾക്ക് സാങ്കേതിക വിവരങ്ങൾ നൽകുന്നതിന്റെ ഭാഗമായി പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. ഇതിനുപുറമേ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എം.കെ.എസ്.പി. പദ്ധതിയിലൂടെ 7287 ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുകയും 6938 ഏക്കർ തരിശു സ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്. "ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി" എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ട ങ്ങളിലേയ്ക്കും എത്തിയ്ക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി 'ഭക്ഷ്യ സുരക്ഷാ ഭവനം' ക്യാമ്പെയിൻ കുടുംബശ്രീ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പകളായോ, ഗ്രോബാഗുകളിൽ ചെറിയ അളവിൽ കൃഷി ചെയ്യുന്നവരുടെ ഗ്രൂപ്പുകളായിട്ടോ ആയിരിക്കും പ്രവർത്തനം. ചിങ്ങം 1 ന് എല്ലാ സിഡിഎസ്സിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

മൃഗസംരക്ഷണ മേഖലയിൽ 2012-13, 2013-14, 2014-2015, 2015-16 2016-17 കാലഘട്ടങ്ങളിൽ ആടു ഗ്രാമം, ക്ഷീരസാഗരം, മാംസോത്പാദന പദ്ധതി, അടുക്കളത്തോട്ട - മുട്ടക്കോഴി പരിപാലനം എന്നി പദ്ധതികൾക്കായി 25,51,16,250/- രൂപ 23,776 ഗുണഭോക്താക്കൾക്ക് കുടുംബശ്രീയ്ക്ക് ലഭ്യമായ സംസ്ഥാന വിഹിതത്തിൽ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിനാ

വശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുമാണ് Support for Animal Husbandry Initiatives (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ നിലവിൽ അയൽക്കൂട്ടാംഗങ്ങളും 2 കറവപശുക്കളെങ്കിലുമുള്ള കർഷകരെ ഗ്രൂപ്പുകളാക്കി അവർക്ക് ആവശ്യമായ പ്രവർത്തന ഫണ്ട് കുറഞ്ഞ പലിശ നിരക്കിൽ കുടുംബശ്രീ സംഘടനാസംവിധാനത്തിലൂടെ നൽകുകയാണ് ചെയ്യുന്നത്. ഒരു വാർഡിലെ ഒരു അയൽക്കൂട്ടത്തിൽ നിന്നോ ഒന്നിലധികം അയൽക്കൂട്ടങ്ങളിൽ നിന്നോ ഉള്ള 5 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ് (സി.ഐ.ജി) രൂപീകരിക്കേണ്ടത്. കുറഞ്ഞത് 2 വർഷമെങ്കിലും പശുവളർത്തൽ മേഖലയിൽ പ്രവൃത്തിപരിചയമുള്ളവരും 2 കറവപ്പശുവെങ്കിലും ഉള്ളവർക്കുമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗ്രൂപ്പിന് 1,00,000/- രൂപയാണ് 4% പലിശ നിരക്കിൽ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി അനുവദിക്കുന്നത്. ആദ്യഘട്ടത്തിൽ 100 സി.ഐ.ജികൾ രൂപീകരിച്ച് സിഐഎഫ് നൽകുവാനാണ് പദ്ധതി. സി.ഡി.എസ്സുകൾ വഴിയാണ് സിഐഎഫ് വിതരണം ചെയ്യുന്നത്. ഇതു വഴി സി.ഡി.എസ്സുകൾക്ക് സ്വയം പര്യാപ്തത കൈവരിക്കുവാനും സാധിക്കും

സെക്ഷൻ ഓഫീസർ